# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2073 — 06/02/2019-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എം.ഷാജി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | ജീവിതശൈലീ രോഗബാധിതരുടെ എണ്ണം സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | ജീവിതശൈലി രോഗബാധിതരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| ബി) | ഇക്കാര്യത്തെപ്പറ്റി പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | സംസ്ഥാന ആരോഗ്യ വകുപ്പ് അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസുമായി സഹകരിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന റിസ്ക് ഫാക്ടേഴ്സിനെക്കുറിച്ചും രോഗങ്ങളുടെ സാന്ദ്രതയെക്കുറിച്ചും ഒരു ബൃഹത് പഠനം 'കിരൺ' എന്ന പേരിൽ ആരംഭിക്കുകയുണ്ടായി. ഏകദേശം 10 ലക്ഷം ആൾക്കാരുടെ ഭക്ഷണത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും രോഗങ്ങളെക്കുറിച്ചും ലഹരി ഉപയോഗത്തെക്കുറിച്ചും ചികിത്സാരീതികളെക്കുറിച്ചും ആരോഗ്യ ബോധത്തെക്കുറിച്ചുമുള്ള വിശദമായ പഠനമാണ് 14 ജില്ലകളിലെയും എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് നടപ്പിലാക്കുന്നത്. ഇ-ഹെൽത്ത് സാങ്കേതിക വിദ്യയുടെ പ്രയോജനം ഉൾക്കൊണ്ടുകൊണ്ട് ടാബ്ലറ്റ് കമ്പ്യൂട്ടറുകളിൽ ഫീൽഡ് വിഭാഗം ജീവനക്കാർ ഭവന സന്ദർശനം നടത്തിയാണ് ഈ വിവര ശേഖരണം നടത്തുന്നത്. |
| സി) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും 232 സി.എച്ച്.സികളിലും 848 പി.എച്ച്.സികളിലും 6400-ൽപ്പരം സബ്സെന്ററുകളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.<br>30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേയ്ക്ക് മാറാതെ സംരക്ഷിക്കുക ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |

| | | | |
|---|---|---|---|
| | | | എൻ.സി.ഡി. ക്ലിനിക്കുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ആരംഭിച്ചു. ജില്ലാ ആശുപത്രികളിൽ ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്ക്, ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഗുരുതര ശ്വാസകോശരോഗമായ സി.ഒ.പി.ഡി നിയന്ത്രിക്കുന്നതിനും ഇന്ത്യയിലാദ്യമായി 'ശ്വാസ്' എന്ന പേരിൽ എല്ലാ ജില്ലാ ആശുപത്രികളിലും കുടുംബരോഗ്യ കേന്ദ്രങ്ങളിലും ആരംഭിക്കുകയും ചെയ്തു. കൂടാതെ പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും പക്ഷാഘാതം വന്നവർക്ക് പുനരധിവാസ ചികിത്സ നൽകുന്നതിനും പുതിയ പക്ഷാഘാത ചികിത്സാ പദ്ധതി തിരഞ്ഞെടുത്ത ജില്ലാ ആശുപത്രികളിൽ ആരംഭിക്കുകയുണ്ടായി. വിദൂര പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കായി സഞ്ചരിക്കുന്ന ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുളായ കെയർ ഓൺ വീൽസ്. കെയർ ഓൺ വേവ്സ് ആരംഭിക്കുകയുണ്ടായി. ജീവിതശൈലി രോഗങ്ങളുടെ പ്രധാന കാരണമായ പുകവലി നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. മദ്യ വിപത്തിനെതിരെ 'മധുമുക്തി പദ്ധതി' കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ഹ്രസ്വ ചിത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ